**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2564** **15-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും റിട്ടയർ ചെയ്തവരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനായി നിയോഗിച്ച രാജേന്ദ്രൻ നായർ കമ്മിറ്റി ശിപാർശകൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; പെൻഷൻകാരുടെ സംഘടനകളുമായി ചർച്ച ചെയ്ത ശേഷം ശിപാർശകൾ എത്രയും വേഗം നടപ്പാക്കുമോ; | (എ) | സഹകരണ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിന് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച സമിതി സംസ്ഥാന/ജില്ല സഹകരണ ബാങ്കുകളിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | കേരള ബാങ്കിന്റെ ലാഭത്തിന്റെ 10% പെൻഷൻ ഫണ്ടിലേക്ക് വകയിരുത്തുവാനും പെൻഷൻകാർക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ; | (ബി) | ഇക്കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | പെൻഷൻ ബോർഡിന് ലഭിക്കാനുള്ള തുക എത്രയാണെന്നും അത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദാംശം നൽകുമോ; | (സി) | ജീവനക്കാർ വിരമിക്കുന്ന സാഹചര്യത്തിലാണ് പെൻഷൻ കുടശ്ശിക കണക്കാക്കുന്നത്. കുടിശ്ശിക ഈടാക്കുന്നതിന് പെൻഷൻ ഫണ്ട് സ്കീമിലെ വ്യവസ്ഥകൾ പ്രകാരം നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പെൻഷൻ ബോർഡിന്റെ ഓഡിറ്റ് റിപ്പോർട്ട് ഏതു വർഷം വരെ പ്രസിദ്ധീകരിച്ചുവെന്നും ഓരോ സാമ്പത്തിക വർഷവും കഴിഞ്ഞാലുടൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | (ഡി) | കേരള സംസ്ഥാന സഹകരണ പെൻഷൻ ബോർഡിന്റെ 2020-'21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 2021-'22 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേറ്റ് ലഭിക്കുന്നതിനാവശ്യമായ രേഖകൾ സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ട് . 2022-'23 വർഷത്തെ ഓഡിറ്റ് പരിശോധന പൂർത്തികരിച്ചിട്ടുണ്ട്. സഹകരണ പെൻഷൻ ബോർഡിൽ നിയമപ്രകാരമുള്ള ഓഡിറ്റുകൾ കൃത്യമായി നടക്കുന്നുണ്ടെന്നും ആയതിന്മേൽ ഫലപ്രദമായ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും പെൻഷൻ ബോർഡ് ഉറപ്പ് വരുത്തുന്നതിനും സഹകരണ പെൻഷൻ ബോർഡിലെ ഓഡിറ്റ് കൃത്യമായും സമയബന്ധിതമായും പൂർത്തികരിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സഹകരണ ഓഡിറ്റ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ